**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- ഗ്രാമവികസനം- ജീവനക്കാര്യം-പുഴക്കൽ ബ്ലോക്ക് ഓഫീസിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I ആയ ശ്രീ.പി.ബി.ശശിധരന് ശാസ്ത്രകലാസംസ്കാരിക-സാമൂഹ്യ സാഹിത്യരംഗങ്ങളിൽ പ്രവർത്തനം നടത്തുന്നതിനുള്ള അനുമതി നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്**

സ.ഉ. (എം.എസ്) നമ്പർ.237/2017/തസ്വഭവ, തിരുവനന്തപുരം, തീയതി: 05/12/2017

---

പരാമർശം : 1) ശ്രീ.പി.ബി.ശശിധരൻ സമർപ്പിച്ച തീയതി വെയ്ക്കാത്ത അപേക്ഷ

2) ഗ്രാമവികസന കമ്മീഷണറുടെ 23/09/2017-ലെ 19735/എസ്റ്റാ.ബി2 /16/സിആർഡി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കലാസാംസ്കാരിക അമച്ചർ നാടകങ്ങൾ, സ്റ്റേജ് പ്രോഗ്രാമുകൾ, റേഡിയോ പരിപാടികൾ, സിനിമ തുടങ്ങിയ ദൃശ്യമാധ്യമരംഗത്ത് ഒഴിവു സമയങ്ങളിൽ പങ്കെടുക്കുന്നതിന് അനുമതി നൽകണമെന്നാവശ്യപ്പെട്ട് കൊണ്ട് പുഴക്കൽ ബ്ലോക്ക് പഞ്ചായത്തിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I ആയ ശ്രീ.പി.ബി.ശശിധരൻ പരാമർശം (1) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചു. പ്രതിഫലം പറ്റാതെ കലാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് അപേക്ഷകന് അനുമതി നൽകാവുന്നതാണെന്ന് പരാമർശം 2 പ്രകാരം ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്തു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. പുഴക്കൽ ബ്ലോക്കിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I ആയ ശ്രീ.പി.ബി.ശശിധരന് 1960 ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 48-ന്റെ ആദ്യ പ്രൊവിസോ പ്രകാരം, കൃത്യനിർവ്വഹണത്തിന് തടസ്സമില്ലാതെയും പ്രതിഫലം പറ്റാതെയും ശാസ്ത്ര കലാ സംസ്കാരിക-സാമൂഹിക-സാഹിത്യരംഗങ്ങളിൽ പ്രവർത്തനം നടത്തുന്നതിനുള്ള അനുമതി നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സന്തോഷ് കുമാർ.എസ്.ആർ**

**ഡെപ്യൂട്ടി സെക്രട്ടറി**

1) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2) ശ്രീ.പി.ബി.ശശിധരൻ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I, ബ്ലോക്ക് പഞ്ചായത്ത്, പുഴക്കൽ, തൃശ്ശൂർ ജില്ല (ഗ്രാമവികസന കമ്മീഷണർ മുഖേന)
3) ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
4) വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂമീഡിയ) വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
5) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ